## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 330 — 12.12.2018 ൽ മറുപടിക്ക്

### എ.ടി.എമ്മുകൾക്ക് മതിയായ സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ. എം.ഉമ്മർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എ.ടി.എമ്മുകൾക്ക് മതിയായ സുരക്ഷ ഏർപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.ടി.എമ്മുകളിൽ മതിയായ സുരക്ഷാ ജീവനക്കാരെ നിയമിക്കണമെന്നും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് അത് പ്രവർത്തനക്ഷമമാണോ എന്ന് സ്ഥിരമായി പരിശോധിക്കുന്നതിനും ബാങ്ക് അധികാരികളോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. |
| (ബി) സുരക്ഷാ ജീവനക്കാരില്ലാത്ത എ.ടി.എമ്മുകളിൽ രാത്രികാല പട്രോളിംഗ് നടത്തുന്ന പോലീസുകാർ പരിശോധന നടത്താറുണ്ടോ; | (ബി) സംസ്ഥാനത്ത് എല്ലാ എ.ടി.എമ്മുകളിലും രാത്രി 9.00 നും വെളുപ്പിന് 6.00 നും ഇടയ്ക്ക് സ്ഥിരമായി വാഹന പട്രോളിംഗ് നടത്തുവാനും പട്ടാബുക്ക് സ്ഥാപിച്ച് ബീറ്റ് പോലീസ് ഉദ്യോഗസ്ഥർ കൃത്യമായി എ.ടി.എമ്മുകൾ പരിശോധിക്കുവാനും പ്രസ്തുത എ.ടി.എമ്മുകളിൽ ഏതെങ്കിലും സംശയകരമായ വസ്തുക്കളോ, നെറ്റ് വർക്കുകളോ സ്ഥാപിച്ചതായി കാണുകയാണെങ്കിൽ ഉടൻ തന്നെ സത്വര നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട അധികാരികളെ |

| | |
|---|---|
| | അറിയിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) ഇരുമ്പനത്തും കൊരട്ടിയിലും എ.ടി.എം. കൊള്ളയടിച്ചവരെ കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) കൊച്ചി സിറ്റിയിൽ ഹിൽപാലസ് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ഇരുമ്പനം വിളക്കുകാൽ ജംഗ്ഷനിലുള്ള എസ്.ബി.ഐ, എ.ടി.എം-ൽ നിന്നും 25,05,000/- രൂപ കവർച്ച ചെയ്ത കാര്യത്തിന് ഹിൽപാലസ് പോലീസ് സ്റ്റേഷൻ ക്രൈം 1745/18 u/s 461 & 380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിൽ പ്രസ്തുത കേസ്സിൽ ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ളതും പ്രതികളിൽ 1 ഉം 3 ഉം പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 2-ാം പ്രതിയെ ഫോർമൽ അറസ്റ്റ് ചെയ്തിട്ടുള്ളതും 4 ഉം, 5 ഉം, 6 ഉം പ്രതികളെ അറസ്റ്റ് ചെയ്യേണ്ടതായുമുണ്ട്. കേസ് അന്വേഷിച്ചുവരുന്നു.<br>തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ കൊരട്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ എ.ടി.എം തകർത്ത് പത്ത് ലക്ഷത്തി അറുപതിനായിരത്തി ഒരുനൂറ് രൂപ അപഹരിച്ചത് സംബന്ധിച്ച് കൊരട്ടി പി.എസ് ക്രൈം നം.568/18 u/s 457, 461, 380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സിൽ ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ളതും പ്രതികളിൽ 1 ഉം 3 ഉം പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 2-ാം പ്രതി പപ്പു എന്ന് വിളിക്കുന്ന പാപ്പിയെ ഫോർമൽ അറസ്റ്റ് ചെയ്തിട്ടുള്ളതും മറ്റ് മൂന്ന് പ്രതികൾക്കായി അന്വേഷണം ഊർജ്ജിതമാക്കിയിട്ടുമുള്ളതുമാണ്. കേസ് അന്വേഷിച്ചു വരുന്നു. |

| | |
|---|---|
| (ഡി) എ.ടി.എമ്മുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) സുരക്ഷാ ജീവനക്കാരില്ലാത്ത എ.ടി.എം. കളിൽ സുരക്ഷാ ജീവനക്കാരെ നിയമിക്കുന്നതിനും, വ്യക്തമായ ചിത്രങ്ങൾ ലഭിക്കുന്ന തരത്തിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും എ.ടി.എം.കൾ കേന്ദ്രീകരിച്ച് രാത്രി കാലങ്ങളിൽ പോലീസ് പട്രോളിംഗ് നടത്തിയും തുടർച്ചയായ അവധി ദിവസങ്ങളിൽ ബാങ്കുകളുമായി സഹകരിച്ച് എ.ടി.എം മാത്രം കേന്ദ്രീകരിച്ച് പ്രത്യേക പോലീസ് പട്രോളിംഗ് ഏർപ്പെട്ടുത്തിയും ഇത്തരത്തിലുള്ള മോഷണശ്രമങ്ങൾ തടയുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ